# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1017** 06.06.2018 -ലെ മറുപടി

## നദികളുടെ പുനരുദ്ധാരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ എത്ര നദികളെ പുനരുദ്ധാരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട് ; ഇതിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി/ ജലസംരക്ഷണം-"ത്തിന്റെ ഭാഗമായി രണ്ടാം ഘട്ടത്തിൽ നദികളുടെയും കായലുകളുടേയും ശുചീകരണം ലക്ഷ്യമിട്ടിട്ടുണ്ട്. ഭാരതപ്പുഴയുടെ സമഗ്ര നവീകരണം ലക്ഷ്യമിട്ട് പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര നീർത്തടപദ്ധതി രൂപപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടു ണ്ട്. ഭാരതപ്പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് കർമ്മ പരിപാടി രൂപപ്പെടുത്തുന്നതിന് ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ പമ്പാ നദിയുടെ പുനരുദ്ധാരണത്തിന്റെ രണ്ടാംഘട്ടത്തിന്റെ വിശദ രൂപ രേഖ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ കാലയളവിൽ എത്ര പുഴകളുടെ പുനരുദ്ധാരണം ആരംഭിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ? | (ബി) വരട്ടാർ, കോലറയാർ, കുട്ടമ്പേരുറാർ, മീനന്തലയാർ-കൊടുറാർ- മീനച്ചലാർ -പുന:സംയോജനം, കാനാമ്പുഴ പള്ളിക്കലാർ, കിള്ളിയാർ (അപ്പർ റീച്ച്), പൂന്നർപ്പുഴ എന്നിവിടങ്ങളിൽ ജനപങ്കാളിത്തത്തോടും വിവിധവകുപ്പുകളുടെ ഏകോപനത്തോടെയും പുന:രുദ്ധാരണ / ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ